LIBRARY ARCHIVES Kerala Legislative Assembly

നിലം മണ്ണിട്ടു നികത്തൽ

161 (3445) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്കടവിള വില്ലേജ് ഓഫീസിനടുത്തായി മാമ്പഴക്കര റോഡിൽ നിന്നും 150 മീറ്റർ അമരവിള റോഡിൽ കീഴക്കായി സ്ഥിതി ചെയ്യുന്ന നിലം (ബ്ലോക്ക് നമ്പർ 35 ൽ തണ്ടപ്പേർ നമ്പർ 328, റീസർവ്വേ 51/-ൽ 00.07.00 51/2-ൽ 00.05.40 ആർ) മണ്ണിട്ടു നികത്താൻ കൃഷി ഓഫീസിൽ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ശിപാർശ നൽകിയതെന്ന് അറിയിക്കുമോ ; ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ശിപാർശ നൽകിയിട്ടില്ലെങ്കിൽ നിലം നികത്തിയവർക്കെതിരെ 2008-ലെ നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമപ്രകാരം നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഡി) പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല

(സി&ഡി) പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്കും പെരുങ്കടവിള കൃഷി ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കായംകുളം മണ്ഡലത്തിലെ പദ്ധതികൾ

162(3446) ശ്രീ. സി. കെ. സദാശിവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് 2012-13,2013-14 കാലഘട്ടങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷിവകുപ്പ് മുഖേന 2012-13-ൽ 102.77628 ലക്ഷം രൂപയുടെയും 2013-14-ൽ 259.94568 ലക്ഷം രൂപയുടെയും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം കായംകുളം മണ്ഡലത്തിൽ 24.64 ഹെക്ടറിൽ ടിഷ്യൂകൾച്ചർ വാഴക്കൃഷി, 4 ഹെക്ടറിൽ വാഴകൃഷി വികസനം, 1.5 ഹെക്ടറിൽ കട്ട്ഫ്ലവർ കൃഷി, 3 ഹെക്ടറിൽ ഇഞ്ചികൃഷി, 1 ഹെക്ടറിൽ മഞ്ഞൾ കൃഷി, 0.18 ഹെക്ടറിൽ ജാതി കൃഷി, 30 ഹെക്ടറിൽ സംയോജിത കീടരോഗ നിയന്ത്രണം, 4 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, 3 ലക്ഷം രൂപയുടെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്നിങ്ങനെ 15.9485 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. 2013-14 സാമ്പത്തിക വർഷത്തിൽ 11 ഹെക്ടറിൽ വാഴകൃഷി വികസനം, 1.5 ഹെക്ടറിൽ കട്ട്ഫ്ലവർ കൃഷി, 4.708 ഹെക്ടറിൽ ഇഞ്ചികൃഷി, 4 ഹെക്ടറിൽ മഞ്ഞൾകൃഷി, 2 ഹെക്ടറിൽ ജാതികൃഷി, 2 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം 0.4 ഹെക്ടറിൽ സൂക്ഷ്മകൃഷി 2.3 ലക്ഷം രൂപയുടെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം 557 ച. മീറ്ററിൽ ഷെയ്ഡ്നെറ്റ് ടണ്ണുലാർ സ്ട്രക്ചർ പോളീഹൗസിന്റെ നിർമ്മാണം എന്നിങ്ങനെ 10.4909 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 9.057 ലക്ഷം രൂപയുടെ ഹൈടെക് ഫാമിംഗ് പദ്ധതിയും നടപ്പിലാക്കി.

(ബി) കൃഷി വകുപ്പ് മുഖേന 2014-15-ൽ 135.26490 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2014-15 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം 5 ഹെക്ടറിൽ വാഴ, 2.5 ഹെക്ടറിൽ ടിഷ്യൂകൾച്ചർ വാഴ, 1 ഹെക്ടറിൽ പപ്പായ, 4.5 ഹെക്ടറിൽ കട്ട്ഫ്ലവർ, 2.7 ഹെക്ടറിൽ ലൂസ് ഫ്ലവർ, 3 ഹെക്ടറിൽ കുരുമുളക്, 3.14 ഹെക്ടറിൽ വെറ്റില, 2 ഹെക്ടറിൽ ജാതി എന്നിവ കൃഷി ചെയ്യുന്നതിനും, 37500 രൂപയുടെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, 30,000 രൂപയ്ക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം, 1.42 ലക്ഷം രൂപയ്ക്ക് ഷെയ്ഡ്നെറ്റ് ടണ്ണുലാർ സ്ട്രക്ചർ പോളീഹൗസുകളുടെ നിർമ്മാണം, 11 യൂണിറ്റ് കൂൺകൃഷി എന്നിവ നടപ്പിലാക്കിവരുന്നു. ആകെ 10.0477 ലക്ഷം രൂപയ്ക്കുള്ള പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.